കൊണ്ടു വന്നതാണെന്നു സമാധാനിക്കാം. ഈ വിഷയത്തെപ്പററി ധാരാളം ചർച്ചകളും കുറെയൊക്കെ പഠനങ്ങളും ഇപ്പോഠം നടന്നു കഴിഞ്ഞിരിക്കുന്നു. ഭരണത്തിന്റെ തലപ്പത്തുള്ളവർക്കു് ഇപ്പോഠം കാര്യം അറിയാം. എന്നിട്ടും അവർ ഉണർന്നു പ്രവർത്തിക്കുകയും, പരിസ്ഥിതിയുടെ മേന്മ പുനഃസ്ഥാപിക്കുന്നതിനു പര്യാപ്തമായ നടപടികഠം കൈക്കൊള്ളുകയും ചെയ്യുന്നില്ലെങ്കിൽ, അതു തീർച്ചയായും കുററകരമായ അനാസ്ഥയായിത്തന്നെ പരിഗണിക്കപ്പെടണം. കൂടുതൽ വനവിധ്വംസനവും മലിനീകരണവും പരിസ്ഥിതി ഗുണച്യുതിയും വരുത്തുന്ന പ്രവർത്തനങ്ങഠംക്കു് അവർ അനുവാദം നല്കുകയാണെങ്കിലോ, ഇന്നത്തെയും നാളത്തെയും തലമുറകളോടു ചെയ്യുന്ന കഠിനമായ ഒരു ദ്രോഹമായി മാത്രമേ അതിനെ വിലയിരുത്താൻ കഴിയൂ.

ജനാധിപത്യം നിലനിറുത്തുന്നതിനു കനത്ത വില ജനങ്ങഠം നല്കേണ്ടതുണ്ടു്. ഇളവില്ലാത്ത കാവൽ ആണു് ആ വില. ജനങ്ങഠം ഉണർന്നിരിക്കട്ടെ. അനീതിയെ, അവിവേകത്തെ, എവിടെ കണ്ടാലും ഫലപ്രദമായി ചെറുക്കുന്നതിനു് അവർ സംഘടിച്ചു തയ്യാറാവുകയും ചെയ്യട്ടെ.

11 ജൂലായ്, 1982.

# 71. സ്മാരകങ്ങൾ

വെട്ടത്തരചന്മാരുടെ
കൊട്ടാരം തെങ്ങണിപ്പറമ്പായീ;
തുണയററു മണ്ണു കപ്പീ
തുഞ്ചത്താചാര്യർ തൻ പുരത്തറയും;
ഏതിരുളിലോ വിബോധ—
ജ്യോതിർന്നിധി പാക്കനാരിരുന്ന കുടിൽ?
കേരളമണ്ഡലമേ, ബഹു—
കേമം നിൻ സ്വര്യപൂർവികസ്മരണം!

എന്നു വള്ളത്തോഠം വിലപിച്ചതു് 1925—ൽ ആയിരുന്നു. അതിനു ശേഷം 'സ്വര്യപൂർവികസ്മരണ'ത്തിൽ കേരളം കുറെയേറെ മുന്നോട്ടു പോയിട്ടുണ്ടു്. മണ്ണു കപ്പിക്കിടന്നിരുന്ന തുഞ്ചത്താചാര്യരുടെ പുരത്തറയുടെ സ്ഥാനത്തു് മനോഹരമായി കരിങ്കല്ലിൽ നിർമിച്ച തുഞ്ചൻ സ്മാരകമണ്ഡപം ഇപ്പോഠം ഉയർന്നു നില്ക്കുന്നു. കുഞ്ചൻനമ്പ്യാരുടെ പഴയ തറവാട്ടുവീടു് കേരളീയരുടെ പൊതുസ്വത്തായിക്കഴിഞ്ഞിരിക്കുന്നു. കുമാരനാശാനു് തോന്നയ്ക്കലും കായിക്കരയിലും സ്മാരകങ്ങളുണ്ടു്. പ്രവർത്തനനിരതമാണു് തിരുവനന്തപുരത്തു ജഗതിയിലുള്ള ഉള്ളൂർ സ്മാരകം. കലാമണ്ഡലം ആകെത്തന്നെ വള്ളത്തോഠം സ്മാരകം കൂടിയാണല്ലോ.

സ്മാരകങ്ങഠം നിർമിച്ചു നാം ബഹുമാനിച്ചിട്ടുള്ളതു സാഹിത്യകാരന്മാരെ മാത്രമല്ല. തെല്ലും പ്രസിദ്ധി ഇല്ലാതിരുന്ന കാലടി ഗ്രാമം ഇന്നു് ഇന്ത്യയിലെ എണ്ണപ്പെട്ട ഒരു തീർത്ഥാടനകേന്ദ്രമായിട്ടുണ്ടു്. ശിവഗിരി ആകെ ശ്രീനാരായണന്റെ സ്മാരകമാണല്ലോ. വേലുത്തമ്പിയെപ്പോലുള്ള സ്വാതന്ത്ര്യസമരസേനാനികഠംക്കും ഉണ്ടു് സ്മാരകങ്ങഠം. ചങ്ങമ്പുഴസ്മാരകംപോലെ അർദ്ധ നിർമിതങ്ങളും മുണ്ടശ്ശേരിയുടേയും ജി. യുടേയും മററും സ്മാരകങ്ങഠംപോലെ നിർമിക്കാൻ ഉദ്ദേശിക്കപ്പെട്ടവയും ആയ സ്മാരകങ്ങളും കുറവല്ല.

സ്മാരകങ്ങൾ പലതരത്തിലുണ്ടാവാം. സ്മരിക്കപ്പെടേണ്ട വ്യക്തിയുടെയോ സംഭവത്തിന്റെയോ ഓർമ ഉദ്ദീപിപ്പിക്കാൻ മാത്രം ഉദ്ദേശിക്കപ്പെട്ടവയാണ് ചില സ്മാരകങ്ങൾ. ഈടു കൂടുതലുള്ള ലോഹത്തിലോ കല്ലിലോ നിർമിക്കപ്പെട്ട പ്രതിമകളും സ്തംഭങ്ങളും മററു ശില്പങ്ങളും ഇത്തരത്തിൽ പെടുന്നു. ഉണ്ടാക്കി ഒരിടത്ത് ഉറപ്പായി പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ പിന്നെ, നശിച്ചുപോവാതെ നോക്കുക മാത്രമേ ഇത്തരം സ്മാരകങ്ങളെ സംബന്ധിച്ചിടത്തോളം ചെയ്യാനുള്ളു. റോഡുകൾക്കും പാർക്കുകൾക്കും ചന്തകൾക്കും മററും ബഹുമാന്യവ്യക്തികളുടെ പേരു നല്കുന്ന സമ്പ്രദായവും നമുക്കറിയാത്തതല്ല. ചുരുങ്ങിയ തോതിലാണെങ്കിലും ഈമാതിരി സ്മാരകങ്ങൾ അവകൊണ്ട് ഉദ്ദേശിച്ച ഫലം, സ്മര്യപൂർവികസ്മരണം, നിർവഹിക്കുകതന്നെ ചെയ്യുന്നു. ജനങ്ങളിൽ ചരിത്രബോധവും ദേശാഭിമാനവും ഉളവാകുന്നതിന്, പരിമിതമായെങ്കിലും, ഈ സ്മരണം ഉപകരിക്കുന്നു.

എന്നാൽ, സ്മാരകങ്ങളിൽനിന്ന് ഇതിലേറെ പ്രയോജനമുണ്ടാവണമെന്ന് നാം ആഗ്രഹിക്കുന്നു. തങ്ങൾ ജീവിച്ചിരുന്ന കാലഘട്ടത്തെ പ്രതിഭകൊണ്ടും പ്രവർത്തനനൈപുണ്യംകൊണ്ടും പ്രഭാമയമാക്കിയ വ്യക്തികൾക്കാണല്ലോ നാം സ്മാരകങ്ങൾ നിർമിക്കുന്നത്. സ്മാരകങ്ങൾ നിർമിക്കുന്നതിനും നിലനിറുത്തുന്നതിനുമായി പൊതുമുതൽ ഏറിയോ കുറഞ്ഞോ ചെലവഴിക്കേണ്ടതുണ്ട്. ഈ വ്യയം ന്യായീകരിക്കപ്പെടണമെങ്കിൽ, സ്മര്യമാണരായ വ്യക്തികൾ തങ്ങളുടെ തിരഞ്ഞെടുത്ത കർമമണ്ഡലങ്ങളിൽ നിർവഹിച്ചുപോന്ന സേവനം സമുദായത്തിനു തുടർന്നും ലഭിക്കുന്നതിന് അവരുടെ സ്മാരകങ്ങൾ ഒരളവോളമെങ്കിലും ഉപകരിക്കേണ്ടതാണെന്ന് നാം കരുതുന്നു. ഇതു സാധിക്കുന്നതിനാകട്ടെ, സ്മാരകങ്ങൾ സക്രിയങ്ങളായ സ്ഥാപനങ്ങൾകൂടിയാവണം. അവ ആണ്ടിൽ മുന്നൂററിയറുപത്തഞ്ചു ദിവസവും പ്രവർത്തിക്കണം. വ്യക്തികളുടെ സ്മാരകങ്ങളായി കലാശാലകൾ, ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഗ്രന്ഥാലയങ്ങൾ, സ്റ്റേഡിയങ്ങളും പാർക്കുകളുംപോലുള്ള ബഹുജനോപയോഗസ്ഥാപനങ്ങൾ മുതലായവ നിർമിക്കുന്നത് ഈ ലക്ഷ്യം മുൻനിറുത്തിയാണ്.

പക്ഷേ, ആളും പൊരുളും ആവശ്യത്തിന് ഇല്ലാത്തതു നിമിത്തം പല സ്മാരകങ്ങളും ഈ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെടുന്നു. കേരളത്തിൽ ഇന്നുള്ള പല സ്മാരകങ്ങളുടെയും സ്ഥിതി ഇതാണ്. മുമ്പു പറഞ്ഞ തിരൂരിലെ തുഞ്ചൻ സ്മാരകത്തിന്റെ സ്ഥിതിതന്നെ എടുക്കുക. ആണ്ടിലൊരിക്കൽ ഒരു സമ്മേളനം നടത്തുന്നു എന്നതിൽ, കവിഞ്ഞ് എന്തു സേവനമാണ് (എഴുത്തിന്നുവെപ്പ് സ്മാരക നിർമാണത്തിനു മുമ്പും ഉണ്ടായിരുന്നുവല്ലോ.) പൊതുമുതൽ ചെലവഴിച്ചു നിലനിറുത്തപ്പെടുന്ന ഈ സ്ഥാപനം നിർവഹിക്കുന്നത്?

നമ്മുടെ ഭാഷയ്ക്കും സംസ്കാരത്തിനും ഏററവുമധികം മുതൽ നേടിത്തന്ന ഒരു നാട്ടുകാരണവർ ആയിരുന്നു തുഞ്ചത്തെഴുത്തച്ഛൻ. 'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കേ ശരണം' എന്ന് പില്ക്കാലത്ത് കുഞ്ഞിക്കുട്ടൻ തമ്പുരാൻ പറഞ്ഞത് തമ്പുരാന്റെ മാത്രമല്ല, എഴുത്തച്ഛനെ പിന്തുടർന്നു വന്ന എല്ലാ മലയാളസാഹിത്യപ്രണയികളുടെയും അഭിപ്രായമായിരുന്നു. എത്ര ഉദാത്തവും സൂക്ഷ്മവും സംശ്ലിഷ്ടവുമായ ആശയത്തേയും അനായാസമായി ആവിഷ്കരിക്കാൻ കഴിയുമാറ് മലയാളഭാഷയിലെ പദസഞ്ചയത്തെയും വാക്യരചനാവിശേഷങ്ങളെയും എഴുത്തച്ഛൻ വളർത്തിയെടുത്തു. എഴുത്തച്ഛൻ ആരംഭിച്ച ഈ ഭാഷാവികസന പ്രക്രിയ ഇന്നു കൂടുതൽ പ്രസക്തമാണ്; കാരണം, ആധുനികവിജ്ഞാനത്തിന്റെ എല്ലാ ശാഖകളെയും മലയാളഭാഷയിലൂടെ സാധാരണ ജനങ്ങൾക്കു ലഭ്യമാക്കുക എന്ന

ഐതിഹാസികമായ ചുമതലയാണ് ജനാധിപത്യം നമ്മിൽ നിക്ഷേപിച്ചിരിക്കുന്നത്.

സംസ്കൃതത്തിൽ നിഹിതമായ ഭാരതീയ ദാർശനികപാരമ്പര്യം മലയാളികഠംക്ക സുലഭമാക്കിത്തീർത്തതാണ് സാംസ്കാരികമണ്ഡലത്തിൽ എഴുത്തച്ഛൻ നിർവഹിച്ച സേവനം. നിരന്തരമായി നടന്നു വരേണ്ട ഒരു പ്രക്രിയയാണ് ഇതും. വേർതിരിഞ്ഞ് ഒഴുകിയിരുന്ന രാഷ്ട്രീയസംസ്കൃതികളെല്ലാം ഏകീഭവിച്ച് ഒരു വിശാലമാനവസംസ്കൃതി രൂപംകൊണ്ടു വരുന്ന ഇക്കാലത്ത് പ്രത്യേകിച്ചും ഈ സേവനത്തിന്റെ മണ്ഡലം വളരെയധികം വിപുലമായിട്ടുണ്ട്.

തുഞ്ചൻ നിർവഹിച്ച സേവനം തുഞ്ചൻസ്മാരകത്തിൽനിന്നു തുടർന്നും ലഭ്യമാക്കുകയെന്നത് എത്രമാത്രം ശ്രമസാദ്ധ്യമാണെന്ന് ഇത്രയുംകൊണ്ട് വ്യക്തമായിരിക്കും. ഇതിനേക്കാഠം ഒരു പടി താഴെ നില്ക്കുന്ന മററു ലക്ഷ്യങ്ങളും ഈ സ്മാരകത്തിനുണ്ടാവാം. തുഞ്ചന്റെ കൃതികളുടെയെല്ലാം സംശോധിതസംസ്കരണങ്ങഠം ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. ആധുനിക വിദ്യാഭ്യാസത്തിന്റെ ഫലമായി, തുഞ്ചന്റേതടക്കമുള്ള പ്രാചീനകൃതികളുടെ മുഖപരിചയംപോലും പുതിയ തലമുറകഠംക്ക നഷ്ടപ്പെട്ടു വരികയാണ്. ഈ പരിചയം അവർക്ക് ഉളവാക്കാനും ശ്രമങ്ങഠം ഉണ്ടാവണം. നമ്മുടെ ഇതിഹാസ—പുരാണസാഹിത്യത്തിൽ ഗവേഷണവും ഉപരിപഠനവും നടത്തുവാനാഗ്രഹിക്കുന്നവർക്ക് ആവശ്യമായ സഹായവും സൗകര്യങ്ങളും നല്കുന്നതും തുഞ്ചൻസ്മാരകംപോലുള്ള ഒരു സ്ഥാപനത്തിന്റെ കർത്തവ്യങ്ങളിൽപ്പെടുന്നു.

പരിമിതമായ ഈ ലക്ഷ്യങ്ങഠം നേടുന്നതിനു മാത്രമല്ല, ആഠംപ്പെരുമാററമുള്ള ഒരു സ്ഥാപനമായി നിലനില്ക്കുന്നതിനുതന്നെ അതിന്റെ ഇന്നത്തെ സംവിധാനം പര്യാപ്തമാണോ? സർക്കാരോ, സർക്കാർ നോമിനേററു ചെയ്ത കമ്മററികളോ ഇത്തരം സ്ഥാപനങ്ങളുടെ ഭരണം നിർവഹിക്കുന്നതു പ്രയോജനകരമല്ലെന്ന് ഇതിനകം വ്യക്തമായിട്ടുണ്ട്. സർക്കാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥനു് ഈ മാതിരി സ്ഥാപനങ്ങഠം ജനസമ്പർക്കത്തോടെ നടത്തുന്നതിനുള്ള കഴിവോ താല്പര്യമോ ഉണ്ടായിക്കൊള്ളണമെന്നില്ല. കമ്മററികളിലേക്ക നോമിനേഷൻ നടത്തുമ്പോഠം രാഷ്ട്രീയവും സാമുദായികവും പ്രാദേശികവും മററുമായ പരിഗണനകളേ, സ്വാഭാവികമായും, സർക്കാരിന്റെ മുന്നിൽ ഉണ്ടാവൂ. ഈ പരിഗണനകഠംക്ക വിധേയമായി സംഘടിപ്പിക്കപ്പെടുന്ന ഒരു കമ്മററി, വിദഗ്ദ്ധസേവനം ആവശ്യപ്പെടുന്ന ഏതെങ്കിലും രംഗത്തു പ്രയോജനകരമായി വല്ലതും ചെയ്താൽ, അതുതന്നെ ഒരത്ഭുതമായി പരിഗണിക്കണം.

തുഞ്ചൻ സാഹിത്യത്തിൽ താല്പര്യമുള്ളവരും, തുഞ്ചൻ സ്മാരകത്തിന്റെ ഫലഭോക്താക്കളും അടങ്ങിയ, സ്വൈച്ഛികപ്രവർത്തകരുടേതായ ഒരു സൊസൈററിക്ക് തുഞ്ചൻ സ്മാരകത്തിന്റെ ഭരണം, നിശ്ചിത വ്യവസ്ഥകഠംക്ക വിധേയമായി ഏല്പിച്ചുകൊടുക്കുന്നതായിരിക്കുകയില്ലേ യുക്തം? ഈ സൊസൈററി കാലക്രമേണ മരവിച്ച് അതിൽ നിക്ഷിപ്തതാല്പര്യങ്ങഠം ചടഞ്ഞുകൂടാതിരിക്കാൻ, ഒരു നിശ്ചിത സംഖ്യ പുതിയ അംഗങ്ങളെ നിശ്ചിതങ്ങളായ ഇടവേളകളിൽ അതിൽ പ്രവേശിപ്പിക്കാവുന്നതാണ്. സർക്കാരിൽനിന്നുള്ള സഹായത്തിനു പുറമെ, മററു ധനാഗമമാർഗങ്ങളും ഈ സൊസൈററി കണ്ടുപിടിക്കണം. ഉദാഹരണത്തിന്, ഇപ്പോഴും ധാരാളം വില്പനയുള്ള തുഞ്ചൻ കൃതികളും മററും സംശോധനം ചെയ്തു പ്രസിദ്ധീകരിക്കുന്നതുവഴി, സ്ഥിരമായ ഒരു വരുമാനമാർഗം തുഞ്ചൻ സ്മാരകസൊസൈററിക്ക കൈവരുത്താമല്ലോ.

തുഞ്ചൻ സ്മാരകത്തെപ്പററി പറഞ്ഞതെല്ലാം മററു സ്മാരകങ്ങളെ സംബന്ധിച്ചും പ്രസക്തമാണ്.